**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 637** **09-06-2021 - ൽ മറുപടിയ്ക്ക്**

**ആലപ്പാട് തീരസംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട തീരപ്രദേശമായ ആലപ്പാട് തീരസംരക്ഷണത്തിന്റെ ഭാഗമായി 2018 മുതൽ പാറ അടുക്കിയുള്ള നിർമ്മാണത്തിനും പുലിമുട്ട് നിർമ്മാണത്തിനുമായി സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വർഷം തിരിച്ച് നൽകാമോ; | (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട തീരപ്രദേശമായ ആലപ്പാട് തീരസംരക്ഷണത്തിന്റെ ഭാഗമായി 2018 മുതൽ പാറ അടുക്കിയുള്ള നിർമ്മാണത്തിനായി അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആലപ്പാട് തീരസംരക്ഷണത്തിന്റെ ഭാഗമായി ചെന്നൈ ഐ.ഐ.ടി. തയ്യാറാക്കിയ പഠനറിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിൽ പറയുന്ന പ്രകാരം ആലപ്പാട് തീരസംരക്ഷണത്തിന് ശാശ്വത പരിഹാരം കാണുന്നതിന് സർക്കാർ തയ്യാറാകുമോ; | (ബി) | മുൻപ് അനുവദിക്കപ്പെട്ടിരുന്ന ഫണ്ട് ഉപയോഗിച്ച് ആലപ്പാട് കുരുക്കാശ്ശേരി ക്ഷേത്രത്തിന് സമീപത്തായി പുലിമുട്ട് ശൃംഖലയ്ക്ക് മാത്രം IIT സാങ്കേതിക പഠന റിപ്പോർട്ട് ലഭ്യമാക്കുകയും അതേതുടർന്ന്, കുരുക്കാശ്ശേരി ക്ഷേത്രത്തിന് സമീപത്തായി പുലിമുട്ട് ശൃംഖല നിർമ്മിക്കുകയും ചെയ്തു. കടൽക്ഷോഭം രൂക്ഷമാകുന്ന സാഹചര്യത്തിൽ അതിന്റെ പഠനത്തിനും ഓരോ പ്രദേശത്തിനും അനുയോജ്യമായ കടൽഭിത്തി ആസൂത്രണം ചെയ്യുന്നതിനുമായി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) എന്ന സ്ഥാപനവുമായി ധാരണയായിട്ടുണ്ട്. ടി പഠനം നടത്തുന്ന കേരളത്തിലെ പ്രധാന ഹോട്ട്സ്പോട്ടുകളിൽ ആലപ്പാടും ഉൾപ്പെടുന്നുണ്ട്. പഠനം കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ കടൽഭിത്തി/പുലിമുട്ട് നിർമ്മാണം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. കൂടാതെ പണ്ടാരത്തുരുത്തിൽ IREL- ന്റെ ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ ഉദ്ദേശിക്കുന്ന ഗ്രോയിൻ ഫീൽഡിനുവേണ്ടി CWPRS, Pune മുഖാന്തിരം പഠനം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്നു വ്യക്തമാക്കാമോ? | (സി) | മുൻപ് അനുവദിക്കപ്പെട്ടിരുന്ന ഫണ്ട് ഉപയോഗിച്ച് ആലപ്പാട് കുരുക്കാശ്ശേരി ക്ഷേത്രത്തിന് സമീപത്തായി പുലിമുട്ട് ശൃംഖലയ്ക്ക് മാത്രം IIT സാങ്കേതിക പഠന റിപ്പോർട്ട് ലഭ്യമാക്കുകയും |

| | | | |
|---|---|---|---|
| | | | അതേത്തുടർന്ന്, കുരുക്കാശ്ശേരി ക്ഷേത്രത്തിന് സമീപത്തായി പുലിമുട്ട് ശൃഖല നിർമ്മിക്കുകയും ചെയ്തു. കടൽക്ഷോഭം രൂക്ഷമാകുന്ന സാഹചര്യത്തിൽ അതിന്റെ പഠനത്തിനും ഓരോ പ്രദേശത്തിനും അനുയോജ്യമായ കടൽഭിത്തി ആസൂത്രണം ചെയ്യുന്നതിനുമായി നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR) എന്ന സ്ഥാപനവുമായി ധാരണയായിട്ടുണ്ട്. ടി പഠനം നടത്തുന്ന കേരളത്തിലെ പ്രധാന ഹോട്ട്സ്പോട്ടുകളിൽ ആലപ്പാട്ടും ഉൾപ്പെടുന്നുണ്ട്. പഠനം കഴിയുന്ന മുറയ്ക്ക് അനുയോജ്യമായ കടൽഭിത്തി/പുലിമുട്ട് നിർമ്മാണം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. കൂടാതെ പണ്ടാരത്തുരുത്തിൽ IREL- ന്റെ ഫണ്ട് ഉപയോഗിച്ച് ചെയ്യാൻ ഉദ്ദേശിക്കുന്ന ഗ്രോയിൻ ഫീൽഡിനുവേണ്ടി CWPRS, Pune മുഖാന്തിരം പഠനം നടത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl. No | Name of work | Year | AS Amount in lakhs | Stage of Work | Physical Progress (%) | Reason for Delays If Any | Expenditure Amount in lakhs |
|---|---|---|---|---|---|---|---|
| 1 | ASE work - Reformation of damaged sea wall for a length of 41 m from Ch : 39.650 km to 39.691 km at Alappadu center in Alappadu Grama Panchayath in Karunagappally Constituency. | 2019 | 20 | Agt executed | Nil | 200 dm3 stone not availabile | - |
| 2 | ASE Work- Reformation of damaged seawall for a length of 50m from ch:37.825km to 37.875km at Cheriyazheekkal in Alappadu Panchayath in Karunagappally Constituency. | 2019 | 20 | Agt executed | Nil | 200 dm3 stone not availabile | - |
| 3 | ASE Work – Urgent Protection work of sea coast for a length of 225 m towards North of CP No. 442 in Panikkarukadavu at Alappad Panchayath in Karunagappally constituency | 2019 | 44 | Work Completed | 100% | | 35.68 |
| 4 | ASE Work – Urgent Protection work of sea coast for a length of 300 m towards North of CP No. 438 in Panikkarukadavu at Alappad Panchayath in Karunagappally constituency | 2019 | 58 | Recommended for foreclosure | NIL | Partially executed by external agency | - |
| 5 | ASE Work – Urgent Protection work of sea coast for a length of 225 m towards South of CP No. 442 in Panikkarukadavu at Alappad Panchayath in Karunagappally constituency | 2019 | 44 | Work Completed | 100% | | 38.74 |
| 6 | ASE.Work – Urgent Protection work of sea coast for a length of 75m towards South of CP 447 near Cheriyazheekal temple in Alappad Panchayath in Karunagappally constituency | 2020 | 15 | Work Completed | 100% | | - |
| 7 | ASE Work – Urgent Protection work of sea coast for a length of 75m towards South, from 75 m South of CP 447 near Cheriyazheekal Myladum Kunnu in Alappad Panchayath in Karunagappally constituency. | 2020 | 15 | Work Completed | 100% | | - |
| 8 | ASE Work – Urgent Protection work of sea coast for a length of 75m towards South, from 150m South of CP 447 near Cheriyazheekal Myladum Kunnu in Alappad Panchayath in Karunagappally constituency. | 2020 | 15 | Work Completed | 100% | | - |

സെക്ഷൻ ഓഫീസർ